REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 12-06-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മൂന്ന് സംസ്ഥാനങ്ങളിലൂടെ കടന്നുപോകുന്ന രണ്ട് പുതിയ മൾട്ടി ട്രാക്കിങ് റെയിൽ പദ്ധതികൾക്ക് കേന്ദ്രാനുമതി. പദ്ധതികൾ ഗതാഗതവും വാണിജ്യ വ്യവസായ ബന്ധവും സുസ്ഥിരതയും മെച്ചപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **അസംസ്കൃത ഭക്ഷ്യ എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ പത്ത് ശതമാനം കുറച്ചു.**
- **ഗവൺമെന്റ് അംഗീകൃത അൺ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ പ്ലസ് വണ്ണിന് പത്ത് ശതമാനം മാർജ്ജിനൽ സീറ്റ് വർദ്ധനയ്ക്ക് മന്ത്രിസഭയുടെ അനുമതി.**
- **സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്.**
- **ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ദക്ഷിണാഫ്രിക്ക നാല് വിക്കറ്റ് നഷ്ടത്തിൽ 43 റൺസെടുത്തു.**

## വാർത്തകൾ വിശദമായി

കേന്ദ്ര മന്ത്രിസഭാ സമിതി അംഗീകാരം നൽകിയ രണ്ട് പുതിയ മൾട്ടി ട്രാക്കിങ് റെയിൽ പദ്ധതികൾ, ഗതാഗതവും വാണിജ്യ വ്യവസായ ബന്ധവും സുസ്ഥിരതയും മെച്ചപ്പെടുത്തുമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. 6,405 കോടി രൂപ ചെലവിൽ ജാർഖണ്ഡ്, ആന്ധ്രാപ്രദേശ്, കർണാടക

സംസ്ഥാനങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നത്. മൂന്ന് സംസ്ഥാനങ്ങളിലെയും ഏഴു ജില്ലകളെ ഉൾക്കൊള്ളുന്ന പുതിയ പദ്ധതി നൂറ്റിയെട്ട് ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ ലഭ്യമാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

✪✪✪

പാമോയിലും സൂര്യകാന്തി എണ്ണയും സോയാബീൻ എണ്ണയും അടക്കം അസംസ്കൃത ഭക്ഷ്യ എണ്ണകളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ പത്ത് ശതമാനം കുറച്ചു. നേരത്തെ ഇത് 20 ശതമാനമായിരുന്നു. ഇതോടെ സംസ്കരിച്ച ഭക്ഷ്യഎണ്ണയുടേയും അസംസ്കൃത ഭക്ഷ്യ എണ്ണയുടേയും ഇറക്കുമതി തീരുവയിലെ വ്യത്യാസം എട്ടേമുക്കാൽ ശതമാനത്തിൽ നിന്ന് പത്തൊമ്പതേകാൽ ശതമാനമായി മാറി. ഭക്ഷ്യഎണ്ണകളുടെ വിലക്കയറ്റം നിയന്ത്രിക്കുകയെന്ന ലക്ഷ്യത്തോടെയാണ് നടപടിയെന്ന് ഉപഭോക്തൃകാര്യ-ഭക്ഷ്യ- പൊതുവിതരണ മന്ത്രാലയം അറിയിച്ചു.

✪✪✪

ഗവൺമെന്റ് അംഗീകൃത അൺ എയ്ഡഡ് ഹയർസെക്കൻഡറി സ്കൂളുകളിൽ പ്ലസ് വണ്ണിന് പത്ത് ശതമാനം മാർജ്ജിനൽ സീറ്റ് വർദ്ധനയ്ക്ക് ഇന്നലെ ചേർന്ന മന്ത്രിസഭാ യോഗം അനുമതി നൽകി. തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്ക് വിധേയമായി സീറ്റ് വർദ്ധിപ്പിക്കാനാണ് തീരുമാനം.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ മന്ത്രിസഭാ യോഗ തീരുമാനങ്ങൾ

........വോയ്സ്.......

ഇടുക്കി, കാസർകോട്, വയനാട് ജില്ലകളിലെ എയർസ്ട്രിപ്പുകളുടെ സാധ്യതാ പഠനം നടത്താൻ റൈറ്റ്സ് - കിഫ്കോൺ സമർപ്പിച്ച ടെണ്ടറും മന്ത്രിസഭ അംഗീകരിച്ചു. കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഞെളിയൻ പറമ്പിൽ കംപ്രസ്ഡ് ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കുന്നതിന് BPCL-നെ ചുമതലപ്പെടുത്താനും യോഗം അനുമതി നൽകി. മലബാർ ക്യാൻസർ സെന്ററിലെ പീഡിയാട്രിക് ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനങ്ങൾക്ക് 13 സ്ഥിരം തസ്തികയും 95 കരാർ തസ്തികയും അനുവദിച്ചു.

കുട്ടനാട് കുടിവെള്ള പദ്ധതികൾക്ക് 36 കോടിയിൽ പരം രൂപയുടെ ടെണ്ടറും മന്ത്രിസഭായോഗം അംഗീകരിച്ചു.

✪✪✪

കോഴിക്കോട് തീരത്തിന് സമീപം പുറംകടലിൽ തീപിടിച്ച MV വാൻഹായ് ചരക്ക് കപ്പലിലെ തീപിടുത്തം ഏറെക്കുറെ നിയന്ത്രിക്കാനായെന്ന് തീര രക്ഷാ സേന അറിയിച്ചു. പുതിയ സ്ഫോടനങ്ങളൊന്നും കപ്പലിൽ ഉണ്ടായിട്ടില്ല. എന്നാൽ

കപ്പലിന്റെ ഉൾഭാഗത്ത് ഇപ്പോഴും തീ ശേഷിക്കുന്നുണ്ടൊന്നാണ് തീര രക്ഷാ സേനയുടെ വിലയിരുത്തൽ. കടലിലെ കാലാവസ്ഥ പ്രതികൂലമായതിനാൽ തീയണക്കൽ ശ്രമങ്ങൾ സാവധാനത്തിലാണ് പുരോഗമിക്കുന്നത്. 2,128 മെട്രിക് ടൺ ഇന്ധനവും മറ്റ് അപകടകരമായ സാധനങ്ങളും കപ്പലിലുണ്ട്. ഇവ പരിസ്ഥിതി പ്രശ്നങ്ങളുണ്ടാകാതെ കണ്ടെടുക്കാനാണ് ശ്രമം. കപ്പലിനെ പുറംകടലിൽ കൂടുതൽ ദൂരത്ത് എത്തിക്കുന്നതിന്റെ സാധ്യതയും പരിശോധിച്ച് വരികയാണ്.

✪✪✪

തിരുവനന്തപുരം മെട്രോ റെയിൽ അലൈൻമെന്റ് സംബന്ധിച്ച ചർച്ചയ്ക്ക് ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിൽ സമിതി രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

റവന്യൂ, ധനകാര്യം, തദ്ദേശഭരണം,ഗതാഗതം എന്നീ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങുന്ന സമിതി എല്ലാ വിഷയങ്ങളും പരിശോധിച്ച് നിർദ്ദേശം സമർപ്പിക്കും.

✪✪✪

റവന്യൂ, സർവെ, ഭൂരേഖാ വകുപ്പുകൾ സംയുക്തമായി സംഘടിപ്പിക്കുന്ന ദേശീയ കോൺക്ലേവ് മുഖ്യമന്ത്രി പിണറായി വിജയൻ ഈ മാസം 25ന് തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. 28 വരെ നടക്കുന്ന സമ്മേളനത്തിൽ വിവിധ സംസ്ഥാനങ്ങളിലെ റവന്യൂ മന്ത്രിമാരും ഉദ്യോഗസ്ഥരും പങ്കെടുക്കും.

✪✪✪

IRCTC വെബ്സൈറ്റ്, ആപ്പ് എന്നിവയിലൂടെ തത്ക്കാൽ ടിക്കറ്റ് ബുക്കിങ്ങിന് അടുത്ത മാസം ഒന്ന് മുതൽ ഇ-ആധാർ സ്ഥിരീകരണം നിർബന്ധമാക്കുമെന്ന് റെയിൽവേ മന്ത്രാലയം അറിയിച്ചു. AC , നോൺ AC ക്ലാസുകളിലേക്ക് ഏജന്റ് വഴി ആദ്യ മുപ്പതു മിനുട്ടിൽ ഇനി ടിക്കറ്റുകൾ ബുക്ക് ചെയ്യാനാവില്ല.

✪✪✪

നിലമ്പൂർ ഉപതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് മണ്ഡലത്തിൽ സുരക്ഷാ ക്രമീകരണങ്ങൾ പൂർത്തിയായതായി ജില്ലാ പോലീസ് മേധാവി R വിശ്വനാഥ് മലപ്പുറത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചു. തെരഞ്ഞെടുപ്പ് ഡ്യൂട്ടിക്കായി നിലമ്പൂർ പൊലീസ് സബ് ഡിവിഷനെ രണ്ട് സബ് ഡിവിഷനുകളായി തിരിച്ചു.

പഴുതടച്ച സുരക്ഷാ ക്രമീകരണങ്ങളാണ് ജില്ലാ പൊലീസിന്റെ നേതൃത്വത്തിൽ ഏർപ്പെടുത്തിയിരിക്കുന്ന തെന്നും ജില്ലാ പൊലീസ് മേധാവി പറഞ്ഞു.

ഉപതെരഞ്ഞെടുപ്പിനായി തയ്യാറാക്കിയ വോട്ടർപട്ടികയിൽ 2 ലക്ഷത്തി,32,381 പേരുണ്ട്. എല്ലാവരും സമ്മതിദാനാവകാശം വിനിയോഗിക്കണമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കളക്ടർ VR വിനോദ് നിലമ്പൂരിൽ വാർത്താ സമ്മേളനത്തിൽ അഭ്യർഥിച്ചു.

ഹോം വോട്ടിങ്ങിന് അർഹരായ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട 2,302 പേരും 85 മേൽ പ്രായക്കാരായ 1,370 പേരും മണ്ഡലത്തിലുണ്ട്. ഭിന്നശേഷിക്കാരിൽ 316 പേരും മുതിർന്ന പൗരന്മാരിൽ 938 പേരുമാണ് വീട്ടിൽ വോട്ട് ചെയ്യാൻ അപേക്ഷ നൽകിയത്. അനുമതി ലഭിച്ചവരുടെ വോട്ട് രേഖപ്പെടുത്തൽ തിങ്കളാഴ്ച ആരംഭിച്ചു. ഈ മാസം 16 വരെ ഇത് തുടരും.

✪✪✪

നിലമ്പൂർ അങ്കത്തിന് ഇനി ഒരാഴ്ചമാത്രം. ഉപതെരഞ്ഞെടുപ്പ് പ്രചാരണത്തിന് ചൂടേറി.

മലപ്പുറം ജില്ലാ പ്രതിനിധി M സുരേഷ്ബാബുവിന്റെ റിപ്പോർട്ട്.

.....വോയ്സ്.......

✪✪✪

അങ്കമാലി-ശബരിപാതയുടെ ഭൂമി എറ്റെടുക്കൽ വേഗത്തിലാക്കുമെന്ന് മന്ത്രി V അബ്ദുറഹ്മാൻ അറിയിച്ചു. ശബരിപാത കടന്നുപോകുന്ന ജില്ലകളിലെ കളക്ടർമാരുടെയും ബന്ധപ്പെട്ട മറ്റ് ഉദ്യോഗസ്ഥരുടേയും ഇന്നലെ തിരുവനന്തപുരത്ത് ചേർന്ന യോഗത്തിന് ശേഷമാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്. റെയിൽവെ ഉന്നതതല സംഘം വൈകാതെ കേരളത്തിലെത്തുന്ന സാഹചര്യത്തിലാണ് യോഗം ചേർന്നത്.

✪✪✪

ലോക ടെസ്റ്റ് ക്രിക്കറ്റ് ചാമ്പ്യൻഷിപ്പ് ഫൈനലിൽ ആദ്യ ദിവസം കളി അവസാനിക്കുമ്പോൾ ഓസ്ട്രേലിയക്കെതിരെ ദക്ഷിണാഫ്രിക്ക നാല് വിക്കറ്റ് നഷ്ടത്തിൽ 43 റൺസെടുത്തു.

ആദ്യം ബാറ്റ് ചെയ്ത നിലവിൽ ചാമ്പ്യന്മാരായ ഓസ്ട്രേലിയ 212 റൺസിന് ആദ്യദിവസം തന്നെ പുറത്തായി. ദക്ഷിണാഫ്രിക്കയുടെ ബൗളിംഗ് ആക്രമണത്തിൽ ഓസീസ് പതറുകയായിരുന്നു. ദക്ഷിണാഫ്രിക്കയുടെ കഗിസോ റബാഡ അഞ്ച് വിക്കറ്റും മാർക്കോ ജാൻസൺ മൂന്ന് വിക്കറ്റും വീഴ്ത്തി. തുടർന്ന് ബാറ്റിംഗ് ആരംഭിച്ച ദക്ഷിണാഫ്രിക്കയുടെ രണ്ട് വിക്കറ്റുകൾ മിച്ചൽ സ്റ്റാർക്കും, ജോഷ് ഹാസിൽവുഡും, പാറ്റ് കമിൻസും ഓരോ വിക്കറ്റും വീഴ്ത്തി.

✪✪✪

ക്രിക്കറ്റ് ടീമുകളുടെ വിജയാഘോഷങ്ങൾക്ക് പുതിയ മാർഗ നിർദ്ദേശങ്ങൾ ചർച്ച ചെയ്യാൻ ക്രിക്കറ്റ് കൺട്രോൾ ബോർഡിന്റെ യോഗം മറ്റന്നാൾ ചേർന്നേക്കും. ബംഗലൂരു റോയൽ ചലഞ്ചേഴ്സിന്റെ IPL വിജയാഘോഷത്തിനിടെ ഉണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിലാണ് യോഗം.

അതിനിടെ, ബംഗലൂരു ചിന്നസ്വാമി സ്റ്റേഡിയത്തിന് പുറത്ത് വിജയാഘോഷത്തിനിടെ തിക്കിലും തിരക്കിലും 11 പേർ മരിച്ച സംഭവത്തിൽ അറസ്റ്റിനെ ചോദ്യം ചെയ്ത് RCS ഉം DNA നെറ്റ്വർക്കും നൽകിയ ഹർജിയിൽ കർണാടക ഹൈക്കോടതി ഉത്തരവ് മാറ്റിവെച്ചു. ഇന്ന് ഉച്ച കഴിഞ്ഞ് ഉത്തരവ് ഉണ്ടായേക്കുമെന്നാണ് സൂചന.

✪✪✪

FIG ഹോക്കി പ്രോ ലീഗിൽ ഇന്ന് ഇന്ത്യൻ പുരുഷ ടീം അർജന്റീനയെ നേരിടും. ഇന്ത്യൻ സമയം വൈകീട്ട് ആറരക്ക് നെതർലാന്റ്സിലെ വാഗ്നർ ഹോക്കി സ്റ്റേഡിയത്തിലാണ് മത്സരം. 11 മത്സരത്തിൽ നിന്ന് 15 പോയിന്റ് നേടിയ ഇന്ത്യ നിലവിൽ പോയിന്റ് പട്ടികയിൽ നാലാം സ്ഥാനത്താണ്.

✪✪✪

പ്രധാൻമന്ത്രി മുദ്രാ യോജനയിൽ വിതരണം ചെയ്ത വായ്പകളിൽ 68 ശതമാനവും വനിതകൾക്കായിരുന്നുവെന്ന് കേന്ദ്രഗവൺമെന്റ് അറിയിച്ചു. ചെറുകിട ബിസിനസ്സുകൾ ആരംഭിക്കാനും അവ വികസിപ്പിക്കാനും സാമ്പത്തിക സ്വാശ്രയത്വം നേടാനും വനിതകൾക്ക് ഇത് അവസരം നൽകിയെന്നും കേന്ദ്രഗവൺമെന്റ് വ്യക്തമാക്കി. 11 വർഷവും സ്ത്രീകൾ മാറ്റത്തിന്റെ ശക്തമായ ചാലക ശക്തികളായി തീർന്നതായും ഗവൺമെന്റ് അറിയിച്ചു.

✪✪✪

കൊച്ചി പുറംകടലിൽ MLC എൽസ 3 എന്ന ചരക്കുകപ്പൽ അപകടത്തിൽപ്പെട്ട സംഭവത്തിൽ കേസ് എടുക്കാൻ കേരള ഗവൺമെന്റിന് വൈകിയെങ്കിലും ബുദ്ധി ഉദിച്ചത് നല്ല കാര്യമാണെന്ന് KC വേണുഗോപാൽ MP പറഞ്ഞു. കപ്പൽ അപകടം ഉണ്ടായ ദിവസം തന്നെ കേസ് എടുക്കാൻ ആവശ്യപ്പെട്ടെങ്കിലും പതിനേഴ് ദിവസം കഴിഞ്ഞാണ് തീരുമാനമുണ്ടായതെന്ന് അദ്ദേഹം പറഞ്ഞു. 200 നോട്ടിക്കൽ മൈലിനുള്ളിൽ അപകടമുണ്ടായാൽ കേസെടുക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമുണ്ട്. എന്നിട്ടും 17 ദിവസം സംസ്ഥാന ഗവൺമെന്റ് കാലതാമസം വരുത്തിയെന്നും വേണുഗോപാൽ ആരോപിച്ചു.

✪✪✪

കണ്ണൂർ നഗരപാത പദ്ധതിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്ന വളപട്ടണം മന്ന - ചാല ജംഗ്ഷൻ റോഡിന്റെ ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകാൻ ഗവൺമെന്റ് അനുമതി നൽകി. റോഡുകൾക്കായി കണ്ടെത്തിയ ഭൂമിയിൽ നെൽവയൽ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ അവ തരം മാറ്റാവൂ എന്ന വ്യവസ്ഥക്കു വിധേയമായാണ് ഏറ്റെടുക്കൽ നടപടികൾക്ക് അനുമതി നൽകിയത്.

✪✪✪

വയനാട് - കോഴിക്കോട് ചുരമില്ലാപാത നിർമ്മാണത്തിന് പടിഞ്ഞാറത്തറ-പൂഴിത്തോട് ബദൽപാതയുടെ GPRS സർവേക്ക് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അനുമതി നൽകി. പൂഴിത്തോട് മലബാർ വന്യജീവി സങ്കേതത്തിന്റെ പരിധിയിലെ വനത്തിലാണ് സർവേ. യന്ത്രസംവിധാനങ്ങൾ ആവശ്യമില്ലാത്തതുകൊണ്ടാണ് GPRS സർവേക്ക് അനുമതി നൽകിയത്.

✪✪✪

സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് മുന്നറിയിപ്പ് നൽകി. കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും, കോഴിക്കോട്, വയനാട്, മലപ്പുറം, പാലക്കാട്, തൃശൂർ, ഇടുക്കി എറണാകുളം, കോട്ടയം ജില്ലകളിൽ മഞ്ഞ ജാഗ്രതയും നൽകി.

✪✪✪

വനംവകുപ്പ് ആവിഷ്കരിച്ച ഫുഡ്-ഫോഡർ-വാട്ടർ പദ്ധതിയുടെ ഭാഗമായ 'വിത്തൂട്ട്' പരിപാടി മന്ത്രി AK ശശീന്ദ്രൻ ഈ മാസം 15ന് ഉദ്ഘാടനം ചെയ്യും. കോഴിക്കോട് വനം ഡിവിഷനിലെ കാക്കവയൽ വനപർവം ഇക്കോ ടൂറിസം സെന്ററിലാണ് പരിപാടി. വന്യജീവികൾക്ക് ഭക്ഷണവും വെള്ളവും ലഭ്യമാക്കി മനുഷ്യ-മൃഗ സംഘർഷം ഒഴിവാക്കുന്നതിനുമാണ് വിത്തുണ്ടകൾ വനമേഖലയിൽ നിക്ഷേപിക്കുന്നത്.

✪✪✪

*News Editor : വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*CNRT : ഫസ്ന ഫാത്തിമ*
*DEO : സി കെ സുബോധ്*